**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1059** **09-10-2024 - ൽ മറുപടിയ്ക്ക്**

**ജലജീവൻ മിഷൻ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | പുതുക്കാട് മണ്ഡലത്തിൽപ്പെട്ട വിവിധ റോഡ് വികസന പ്രവൃത്തികൾക്കുമുമ്പ് ജലജീവൻ മിഷൻ പ്രവൃത്തികളുടെ ഉൾപ്പെടെയുള്ള വാട്ടർ അതോറിറ്റിയുടെ പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ നടപ്പാക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | പുതുക്കാട് മണ്ഡലത്തിലെ കൊടകര-വെള്ളിക്കുളങ്ങര റോഡ്, തലോർ-തൈക്കാട്ടുശ്ശേരി റോഡ്, പുതുക്കാട്-മുപ്ലിയം-കോടാലി റോഡ്, നന്തിപുലം വരന്തരപ്പിള്ളി റോഡ്, ആനന്ദപുരം - നെല്ലായി, മാപ്രാണം - നന്തിക്കര, കുറുമാലി - മുളങ്ങ് ചെങ്ങാലൂർ മണ്ണംപേട്ട റോഡ് എന്നീ റോഡുകളിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തികൾ നടന്നുവരുന്നുണ്ട്. |
| (ബി) | കൊടകര-വെള്ളികുളങ്ങര റോഡ്, തലോർ-തൈക്കാട്ടുശ്ശേരി റോഡ്, പുതുക്കാട്-മുപ്ലിയം-കോടാലി റോഡ്, നന്തിപുലം-വരന്തരപ്പിള്ളി റോഡ്, കുറുമാലി-തൊട്ടിപ്പാൾ-മുളങ്ങ് റോഡ് തുടങ്ങിയ നിരവധി റോഡുകളുടെ നവീകരണത്തിന് അനുമതി ലഭിച്ച് മാസങ്ങൾ പിന്നിട്ട സാഹചര്യത്തിൽ വാട്ടർ അതോറിറ്റിയുടെ പൈപ്പുകൾ അടിയന്തരമായി സ്ഥാപിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്നും ഇതിനാവശ്യമായ ഫണ്ട് ലഭ്യമാക്കുമോയെന്നും അറിയിക്കാമോ? | (ബി) | കൊടകര - വെള്ളിക്കുളങ്ങര റോഡ്, തലോർ-തൈക്കാട്ടുശ്ശേരി റോഡ്, പുതുക്കാട്-മുപ്ലിയം- കോടാലി റോഡ്, നന്തിപുലം വരന്തരപ്പിള്ളി റോഡ് എന്നീ റോഡുകളിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിന് തുക അടവാക്കുകയും അനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്. അടിയന്തിരമായി പൈപ്പ് സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**<u>കൊടകര -വെള്ളിക്കുളങ്ങര റോഡ്</u>**<br><br>മറ്റത്തൂർ പഞ്ചായത്തിലെ കൊടകര-വെള്ളിക്കുളങ്ങര റോഡിൽ 6.253 Km 350 എംഎം മുതൽ വിവിധ വ്യാസത്തിലുള്ള DI, PVC പൈപ്പുകൾ സ്ഥാപിക്കുന്നതിന് 21.03.2023-ൽ ROW പോർട്ടലിൽ അപേക്ഷ നൽകുകയും 27.10.2023 തീയതിയിൽ 30,27,713/- തുക പൊതുമരാമത്ത് വകുപ്പിൽ അടവാക്കിയതിനെ തുടർന്ന് 19.11.2023-ൽ പെർമിഷൻ ലഭിച്ചു. എന്നാൽ കരാറുകാരൻ M/s. OMDHAR Engineering Pvt. Ltd DI പൈപ്പ് വിതരണം ചെയ്യാത്തതിനാൽ പ്രവൃത്തി ആരംഭിക്കുവാൻ സാധിച്ചിട്ടില്ല. പ്രവൃത്തി പൂർത്തീകരിക്കുവാൻ കത്തുകൾ മുഖേനയും മീറ്റിങ് നടത്തിയും കരാറുകാരന് നിർദേശം നൽകിയിട്ടുണ്ട്.<br><br>**<u>തലോർ- തൈക്കാട്ടുശ്ശേരി റോഡ്</u>** |

Nenmanikkara പഞ്ചായത്തിലെ തലോർ- തൈക്കാട്ടുശ്ശേരി റോഡിൽ 431m 160mm PVC പൈപ്പ് സ്ഥാപിക്കുന്നതിന് 01.08.2023-ൽ ROW പോർട്ടലിൽ അപേക്ഷ നൽകുകയും ലഭിക്കുകയും ചെയ്തു. 17.11.2023 തീയതിയിലെ ഡിമാന്റ് നോട്ടീസ് പ്രകാരമുള്ള 22,47,352/- രൂപ തുക അടവാക്കിയതിനെ തുടർന്ന് 15.09.2024-ൽ പൊതുമരാമത്തു വകുപ്പിൽ നിന്ന് പെർമിഷൻ ലഭിച്ചു. എഗ്രിമെൻറ് നടപടികൾ പൂർത്തിയാക്കി അടിയന്തിരമായി പൈപ്പ് സ്ഥാപിക്കുന്നതിന് കരാറുകാരന് (M/s. OMDHAR Engineering Pvt. Ltd ) നിർദ്ദേശം നൽകിയിട്ടുണ്ട്.

**<u>പുതുക്കാട് - മുപ്ലിയം- കോടാലി റോഡ്</u>**

പ്രൊജക്റ്റ് ഡിവിഷൻ നാട്ടികയുടെ കീഴിൽ പുതുക്കാട് - മുപ്ലിയം- കോടാലി KRFB റോഡിൽ മറ്റത്തൂർ പഞ്ചായത്തിൽ 6.09 Km ദൂരം റോഡിൻറെ ഇരു വശങ്ങളിലും വരന്തരപ്പിള്ളി പഞ്ചായത്തിൽ 5.014 Km ദൂരം റോഡിന്റെ ഇരു വശങ്ങളിലുമായി 500 എംഎം മുതൽ വിവിധ വ്യാസത്തിലുള്ള DI, PVC പൈപ്പുകൾ സ്ഥാപിക്കുന്നതിന് 11.10.2023-ൽ ROW പോർട്ടലിൽ അപേക്ഷ നൽകുകയും 07.11.2023ൽ 1,09,93,400/- രൂപ അടവാക്കുന്നതിനു KRFB- യിൽ നിന്നും ഡിമാൻഡ് നോട്ടീസ് ലഭിക്കുകയും ചെയ്തു. 16.05.2024 തിയ്യതിയിൽ തുക അടവാക്കി. എന്നാൽ കരാറുകാരൻ (M/s. OMDHAR Engineering Pvt. Ltd) DI പൈപ്പ് വിതരണം ചെയ്യാത്തതിനാൽ പ്രവൃത്തി ആരംഭിക്കുവാൻ സാധിച്ചിട്ടില്ല. പ്രവൃത്തി പൂർത്തീകരിക്കുവാൻ കത്തുകൾ മുഖേനയും മീറ്റിങ് നടത്തിയും കരാറുകാരന് നിർദേശം നൽകിയിട്ടുണ്ട്. ഇരിഞ്ഞാലക്കുട ഡിവിഷന് കീഴിൽ പുതുക്കാട് പഞ്ചായത്തിൽ പുതുക്കാട് മുപ്ലിയം കോടാലി റോഡിൽ ജൽ ജീവൻ മിഷൻ ഫേസ് 2 പദ്ധതിയിൽ ഉൾപ്പെടുത്തി പൈപ്പുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തി 30.09.2024 ൽ ആരംഭിച്ചിട്ടുണ്ട്.

**<u>നന്തിപുലം - വരന്തരപ്പിള്ളി റോഡ്</u>**

വരന്തരപ്പിള്ളി പഞ്ചായത്തിലെ നന്തിപുലം - വരന്തരപ്പിള്ളി റോഡിൽ 2.605 Km 350 എംഎം മുതൽ വിവിധ വ്യാസത്തിലുള്ള DI, PVC പൈപ്പുകൾ സ്ഥാപിക്കുന്നതിന് ROW പോർട്ടലിൽ 27.02.2023-ൽ അപേക്ഷ നൽകുകയും 13.04.2023-ൽ 11,90,259/- രൂപ അടവാക്കുന്നതിനു PWD- യിൽ നിന്നും ഡിമാൻഡ് നോട്ടീസ് ലഭിക്കുകയും ചെയ്തു. 07.11.2023 തിയ്യതിയിൽ തുക അടവാക്കിയതിനെ തുടർന്ന് 13.08.24ൽ പെർമിഷൻ ലഭിച്ചു. എഗ്രിമെൻറ്

| | | | |
|---|---|---|---|
| | | | നടപടികൾ പൂർത്തിയാക്കി അടിയന്തിരമായി പൈപ്പ് സ്ഥാപിക്കുന്നതിന് കരാറുകാരന് (M/s. OMDHAR Engineering Pvt. Ltd) നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>**<u>മുളങ്ങ്-കുറുമാലി റോഡ്</u>**<br><br>പ്രസ്തുത റോഡിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും, പുതുതായി കൾവേർട്ടുകൾ നിർമ്മിച്ചതിനാൽ അവയ്ക്ക് കുറുകെ എം. എസ്. പൈപ്പ് ഉപയോഗിച്ച് ഫാബ്രിക്കേഷൻ വർക്ക് ചെയ്യേണ്ടതുണ്ട്. പ്രസ്തുത പ്രവൃത്തി അവസാന ഘട്ടത്തിലാണ്. കൂടാതെ പൈപ്പ് ലൈൻ സ്ഥാപിച്ചയിടത്ത് G.S.B ഇട്ട് റീസ്റ്റോറേഷൻ ചെയ്യുന്ന പ്രവൃത്തി കുറുമാലി മുതൽ പള്ളം വരെയുള്ള ഭാഗത്ത് പൂർത്തീകരിച്ചിട്ടുണ്ട്. തൊട്ടിപ്പാൾ നിന്നും മുളങ്ങിലേക്ക് പോകുന്ന ഭാഗത്ത് ആദ്യത്തെ കൾവേർട്ട് വരെയാണ് G.S.B ഇട്ട് റീസ്റ്റോറേഷൻ ചെയ്യാനുള്ള നിർദ്ദേശം ലഭിച്ചിട്ടുള്ളത്. പ്രസ്തുത ഭാഗത്തെ 420 മീറ്റർ രണ്ട് വശങ്ങളിലും G.S.B ഇടേണ്ട പ്രവൃത്തി അടിയന്തിരമായി പൂർത്തീകരിക്കേണ്ടതിന് കരാറുകാരന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ